കിട്ടുന്നില്ലെന്നുള്ള ബുദ്ധിമുട്ട് മനസ്സിലാക്കിക്കൊണ്ട്. ഈ സെറ്റിൽമെൻറ് സ്കീം വികസിപ്പിച്ച് ഭേദമായ രോഗികളെ പുറത്തേക്ക് വിടുകയും പുതിയ രോഗികളെ ആശുപത്രിയിലേക്ക് കൊണ്ടുവരികയും ചെയ്യുന്ന പരിപാടി ഏതുവരെയെത്തി, എന്താണ് അതിൻറെ ഭാവിയെസംബന്ധിച്ച് ഗവൺമെൻറിൻറെ നിലപാട് എന്നു വ്യക്തമാക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: സെറ്റിൽമെൻറ് സ്കീം പ്രത്യേകമായി ചോദിച്ചാൽ അന്വേഷിച്ച് മറുപടി പറയാം. ഏതാണ്ട് ഒരു ലക്ഷത്തോളം ആളുകളെ ചികിൽസിപ്പിക്കുവാനുള്ള സൗകര്യം വിവിധ എസ്.ഇ.ടി. സെൻറുകളിലുണ്ട്.

ശ്രീ. ഒ. ലൂക്കോസ്: കുഷ്ഠരോഗികളുടെ ചികിൽസാ രീതി ഇൻഡ്യാഗവൺമെൻറ് അംഗീകരിച്ച പദ്ധതി അനുസരിച്ചാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇൻഡ്യാഗവൺമെൻറിൽനിന്നും കുഷ്ഠരോഗികളുടെ ചികിൽസയ്ക്കുവേണ്ടി എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻറെ പ്രത്യേകത എന്താണ്?

ശ്രീ. കെ. പി. പ്രഭാകരൻ: കുഷ്ഠരോഗനിവാരണം, ടി. ബി. നിവാരണം എന്നീ ചില കാര്യങ്ങൾക്കുവേണ്ടി സെൻട്രൽ ഗവൺമെൻറിൻറെ സഹായം ലഭിക്കുന്നുണ്ട്. അതിൻറെ വിശദാംശം ഇപ്പോൾ എൻറെ കൈവശമില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

മുനിസിപ്പാലിറ്റികളിലെ കൺകറൻറ് ആഡിറ്റ് സംവിധാനം

* 512 [532] ശ്രീ. പി. ആർ. ശിവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര മുനിസിപ്പാലിറ്റികളിൽ കൺകറൻറ് ആഡിറ്റ് സംവിധാനം ഉണ്ട്;

(ബി) എല്ലാ മുനിസിപ്പാലിറ്റികളിലും ഈ സൗകര്യം അനുവദിക്കുന്നതിനു തയ്യാറാകുമോ?

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) എട്ടു മുനിസിപ്പാലിറ്റികളിൽ കൺകറൻറ് ആഡിറ്റ് സംവിധാനം ഉണ്ട്.

(ബി) കൺകറൻറ് ആഡിറ്റിനുവേണ്ടിവരുന്ന ചെലവ് അതാതു മുനിസിപ്പാലിറ്റികളും വഹിക്കണമെന്നുള്ളതുകൊണ്ട് എല്ലാ മുനിസിപ്പാലിറ്റികളിലും ഈ സൗകര്യം അനുവദിക്കുന്നതിനു വിഷമമാണ്.

ആയുർവ്വേദത്തിൽ ബി.എ.എം.എസ്. കോഴ്സ്

* 513 [535] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദത്തിൽ ബി.എ.എം.എസ്. കോഴ്സ് നടപ്പിലാക്കുന്നതിനു എന്തെങ്കിലും നടപടിക്രമം സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly